"ഭരണഭാഷ-മാതൃഭാഷ"

കേരള പ്രിസൺസ് &
കറക്ഷണൽ സർവ്വീസസ്

ആസ്ഥാന കാര്യാലയം
ജയിൽ വകുപ്പ്, കേരളം
പൂജപ്പുര, തിരുവനന്തപുരം-12
:0471-2342532
:keralaprisons@gov.in
തീയതി : 22-04-2020

## സർക്കുലർ നം 28/2020

ജയിലാസ്ഥാനകാര്യാലയത്തിലേക്ക് ലഭ്യമാക്കുന്ന കാഷ്വൽ ലീവ് ഒഴികെയുള്ള അവധി അപേക്ഷകൾ, ആർജ്ജിതാവധി സറണ്ടർ അപേക്ഷകൾ എന്നിവ പല ജയിൽ സ്ഥാപനങ്ങളിൽ നിന്നും ഇ-മെയിൽ മുഖാന്തിരവും, iAPS മുഖാന്തിരവും ലഭ്യമാക്കിവരുന്നതായും, ദീർഘ നാളുകൾക്ക് ശേഷവും അവധി അപേക്ഷ ഫിസിക്കലായി ലഭ്യമാക്കുന്നില്ല എന്നുമുള്ള വിവരങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഗസറ്റഡ് ജീവനക്കാർക്ക് അവധി, സറണ്ടർ എന്നിവ അനുവദിക്കുന്നതിനായി വകുപ്പദ്ധ്യക്ഷന്റെ അനുമതി ഉത്തരവ് അവധി അപേക്ഷ സഹിതം അക്കൌണ്ടന്റ് ജനറൽ ഓഫീസിലേക്ക് സമർപ്പിക്കേണ്ടതുണ്ട്.

ആയതിനാൽ ചുവടെ ചേർക്കുന്ന നിർദ്ദേശങ്ങൾ എല്ലാ ജയിൽ സ്ഥാപനമേധാവികളും കർശ്ശനമായും പാലിക്കേണ്ടതാണ്.

1. അവധി അപേക്ഷകൾ, ആർജ്ജിതാവധി സറണ്ടർ അപേക്ഷകൾ എന്നിവ, അപേക്ഷകൻറെ PEN നമ്പർ സഹിതം, ഫിസിക്കലായി മാത്രം ജയിലാസ്ഥാനകാര്യാലയത്തിലേക്ക് ലഭ്യമാക്കേണ്ടതാണ്. [iAPS മുഖാന്തിരമോ ഇ-മെയിൽ മുഖാന്തിരമോ അവധി അപേക്ഷകൾ ലഭ്യമാക്കേണ്ടതില്ല].
2. കാഷ്വൽ അവധി അപേക്ഷകൾ iAPS മുഖേന മാത്രം ലഭ്യമാക്കിയാൽ മതി.
3. അവധി അപേക്ഷയുടെ എല്ലാ ഭാഗങ്ങളും കൃത്യമായും പൂരിപ്പിച്ചിരിക്കേണ്ടതും, തീയതി സഹിതം ഒപ്പ് രേഖപ്പെടുത്തേണ്ടതുമാണ്.
4. ആർജ്ജിതാവധി സറണ്ടർ അപേക്ഷകളിൽ "as on date" കൃത്യമായും രേഖപ്പെടുത്തിയിരിക്കണം.
5. അവധി അപേക്ഷകൾ, ആർജ്ജിതാവധി സറണ്ടർ അപേക്ഷകൾ എന്നിവ കൺട്രോളിംഗ് ഓഫീസറുടെ ശുപാർശ, മേലൊപ്പ്, ഓഫീസ് സീൽ എന്നിവ സഹിതം ലഭ്യമാക്കേണ്ടതാണ് . സൂപ്രണ്ടുമാർ മേഖലാ ഡി.ഐ.ജി മുഖാന്തിരം ലഭ്യമാക്കേണ്ടതാണ്.

**മേൽ നിർദ്ദേശങ്ങൾ പാലിക്കാതെയുള്ള അവധി അപേക്ഷകൾ ജയിലാസ്ഥാനകാര്യാലയത്തിൽ പരിഗണിക്കപെടുകയില്ലെന്ന് അറിയിക്കുന്നു.**

ഋഷി രാജ് സിംഗ് IPS
ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവീസസ്

E3-8960/2020/PrHQ ea41cf

സ്വീകർത്താവ്: 1. എല്ലാ ജയിൽസ്ഥാപനമേധാവികൾക്കും.
2. ജയിലാസ്ഥാനകാര്യാലയത്തിലെ എല്ലാ ജീവനക്കാർക്കും.

പകർപ്പ് : (1). സി.എ ടു ഡി.ജി.പി.
(2). സി.എ ടു ഡി.ഐ.ജി (H.Q).
(3). പി.എ ടു ഡി.ജി.പി.
(4). ജൂനിയർ സൂപ്രണ്ട്, ജീവനക്കാര്യവിഭാഗം.

CUSTODY • CORRECTION
REFORMATION • REHABILITATION